
ധിഷണ

# EDITORIAL BOARD



NAME OF STUDENTS

1) MUHAMMED SHANIF . M .S
2)ANAS .A
3)ABBAS .H
4)MUHAMMED ANFAS . J
5)ARJUN . N
6)VIJAYKRISHNAN . A
7)KIRAN . S
8)DEEPAK . K
9) SOORAJ . J
10)VIGNESH .S
11)SUHAIB . S
12) JITHUMON. K

13)SARATH .S
14)MUFASSIR . A
15) AFRIN . N
16)AKHILESH . S
17)MAHALAKSHMI . G
18) PRAVEEN KUMAR .M
19)SNEHA . S
20)KALIMUTHU .S

## SPECIAL THANKS TO

1) SHREYAS . S [9-E]
2) HARIHARAN . M [9-E]
3) ANAMIKA . S [9-A]
4) ASHTAMI S SIVAN [9-E]

## CHIEF EDITOR

VIJAYKRISHNAN . A [9-E]

## **THANKS TO**

OUR
ALL DEAR
TEACHERS

# ആമുഖം

പാലക്കാട് P. M. G ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി

## 'ധിഷണ'

എന്ന മാഗസിൻ ഞങ്ങൾ സവിനയം സമർപ്പിക്കുന്നു.



# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ

മാഗസിൻ '**ധിഷണ**' ക്ക് എല്ലാവിധ മംഗളാശംസകൾ നേരുന്നു.

LATHIKA .K.N
HEAD MISTRESS
P . M . G . H .S . S . PALAKKAD

# <u>ആശംസകൾ</u>

"പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുന്നു."

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമ്മിക്കുന്ന 'ധിഷണ'

ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു .



മുരളീധരൻ . ജി

S . I . T .C

P . M . G . H . S . S

PALAKKAD

# ആശംസകൾ

വിവരസാങ്കേതിക വിദ്യയിൽ കുട്ടികളുടെ അഭിരുചിയെ കണ്ടറിഞ്ഞുകൊണ്ട് അവരുടെ ശേഷിയെ വികസിപ്പിക്കാനായി നടത്തുന്ന ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഞങ്ങളുടെ ആശംസകൾ. അതിനോടനുബന്ധമായി കുട്ടികൾ വികസിപ്പിച്ചെടുത്ത E – മാഗസിന് എല്ലാവിധ ആശംസകളും ഞങ്ങൾ നേരുന്നു.



എച്ച്. സൈമൺ
P . T . A പ്രസിഡന്റ്



സഹീർ
P . T . A വൈസ് പ്രസിഡന്റ്

ഉള്ളടക്കം

ധിഷണ

എഡിറ്റോറിയൽ ബോർഡ്

ആമുഖം

ആശംസകൾ

കവിത

കവിത

കഥ

ലേഖനം

യാത്രാവിവരണം

സംഭാണം

ചിത്രകലകൽ

കടങ്കഥകൾ

അനുഭവകുറിപ്പ്

അനുഭവകുറിപ്പ്

ചിത്രങ്ങൾ

മഹദ് വചനങ്ങൾ

പഴഞ്ചൊല്ലുകൾ

പ്രൊഫൈലുകൾ

നിങ്ങൾക്കറിയാമോ ?

DAYS TO REMEMBER

കവിത

കവിത

കവിത

ROLE OF SCHOOL

യാത്രാക്കുറിപ്പ്

കഥ

പുസ്തകപരിചയം

സിനിമാനിരൂപണം

ലേഖനം

INTERESTING FACTS

THOUGHTS

QUIZ

POEM

PROFILE

POEM

PLANTS

SCHOOL FM

# അന്നും ഇന്നും




ഞാൻ നിന്നെ അന്ന് കണ്ടു
അപ്പോൾ നിന്റെ വസ്ത്രം പച്ചയാണ്.
നിൻ വസ്ത്രാലങ്കാരത്തിൽ പുഴയും
സമുദ്രവും ഒഴുകുന്ന
കേരങ്ങളും, മരങ്ങളും, ചെടികളും
ആടിയുലയുന്ന
വയലുകളിൽ നെന്മണികൾ
സ്വർണ്ണമായി-
തിളങ്ങുന്ന --------

ഞാൻ നിന്നെ ഇപ്പൊ കാണുമ്പോൾ
എൻ ഹൃദയം വിങ്ങുന്നു.
നിൻ വസ്ത്രം കരിഞ്ഞുപോയിരിക്കുന്നു.
വസ്ത്രാലങ്കാരത്തിലെ പുഴയും
തോടും വരണ്ടുപോയിരിക്കുന്നു.




ഞാൻ ഈ ഭൂമിയിൽ
വന്നപ്പോൾ എന്നെ
പൊന്നും വില വാങ്ങാതെ
സ്വീകരിച്ചു .
പക്ഷേ ,
നിന്നെ ഞാൻ പൊന്നും വില
കൊടുത്ത് സ്വീകരിക്കുന്നു.
നമ്മൾ തമ്മിൽ കച്ചവടക്കാരുടെ
ബന്ധം രൂപപ്പെട്ടു

-അഭിരാമി

## ***MOM***

*A night I went to sleep*
*Slowly,I closed my eyes*
*I saw many more dreams*
*Education,ambition,exams...*
*Suddenly I saw my lover*
*Who loves me deeply*
*And I loves her deeply*
*I saw that face in my dream*
*A cute face with cute smile*
*Eyes are shinning and twinkling like star*
*Lips are singing a song for me*
*She always stand with me*
*I cannot live without her....*
*She cannot live without me....*
*I am the only dream in her heart*
*I need her bless in all my works*
*I my life she is my first and best lover*
*I cannot compare her love with any other love*
*I call her "AMMA"*
*She is my precious gift from god*
*She is not lucky... But I am.....*
*Lucky in the world.*
*In my life she is my lucky*
*I LOVE MY MOM ......*

*ABHIRAMI.S*

# അമ്മ എന്ന സത്യം

“ ദേ പോണ ഒറ്റക്കണ്ണിയുടെ മകൻ ” എന്ന് ആരൊ അവിടെ നിന്ന് പരിഹസിക്കുന്നുണ്ടായിരുന്നു. അപ്പു അത് എപ്പോഴും കേൾക്കുന്നതായിരുന്നു. അവൻ വീടെത്തിയതും അവന്റെ അമ്മയോട് ചോദിച്ചു " നിങ്ങളുടെ ഒരു കണ്ണ് എവിടെ. എനിക്ക് വല്ലാതെ നാണക്കേടാവുന്നു പുറത്തിറങ്ങാൻ. ഏത് നേരത്താണാവോ നിങ്ങളെ പോലെയുള്ള സ്ത്രീക്ക് മകനായി ഞാൻ ജനിച്ചത് ”  അമ്മ തലയും താഴ്ത്തി നിൽക്കുന്നതല്ലാതെ മറുപടി പറഞ്ഞില്ല. തിരിഞ്ഞ് നിന്ന് ആ മാലയിട്ട ഫോട്ടോയിലേക്ക് നോക്കി. അമ്മയ്ക്ക് എപ്പോഴും കേൾക്കുന്ന കുത്തുവാക്കാണിത്. തന്റെ അമ്മയുടെ കഷ്ടപ്പാട് അറിഞ്ഞിട്ടും അവൻ ഇങ്ങനയൊക്കെ സംസാരിച്ചു. അമ്മ ഈ വാക്കുകളൊക്കെ



മറന്ന് അവനെ പഠിപ്പിച്ചു , നല്ലൊരു സ്ഥിതിയിലാക്കി അങ്ങനെ  അവനെ വിദേശത്തിലേക്കയച്ചു . വർഷങ്ങൾ കഴിഞ്ഞിട്ടും വിദേശത്ത് നിന്നും ഒരു കത്ത് പോലും വന്നില്ല.  കിറീയ വസ്ത്രം, മുഷിഞ്ഞ പാവാട, കരുവാളിച്ച മുഖം, ഇതാണ് ജീവിതഅവസ്ഥ.

വയസ്സ് കൂടുന്തോറും ശാരീരികമായ നിലപാട്  വളരെ മോശപ്പെട്ടു. അങ്ങനെയിരിക്കെ അപ്പുവിന് ഒരു കത്തുകിട്ടി, സ്വന്തം അമ്മയുടെ മരണവാർത്ത.  അപ്പു താമസിയാതെ നാട്ടിലെത്തി "ഒറ്റക്കണ്ണി പോയി  ” എന്ന്  ആരോ പറഞ്ഞു.  ഒരു ഇത്തിരി കണ്ണീർ പോലും അപ്പുവിന്റെ കണ്ണിൽ നിന്ന് വന്നില്ല.  “ ഇതാ ഒറ്റകണ്ണിയുടെ പുത്രൻ ”  എന്ന് ആരോ

പറഞ്ഞു.  അങ്ങനെ ശവസംസ്കാരത്തിനു ശേഷം അപ്പു അമ്മയുടെ റൂമിലേയ്ക്ക് പോയി.



കീറിമുഷിഞ്ഞ കട്ടിലിന്റെ മുകളിൽ ഒരു കത്തുണ്ടായിരുന്നു.  അത് അവൻ വായിക്കാൻ തുടങ്ങി " പ്രിയപ്പെട്ട അപ്പുവിന്, നീ ഇന്നെങ്കിലും വരുമെന്ന് വിചാരിച്ചു.  അതുകൊണ്ടാ അസുഖം രൂക്ഷമായപ്പോൾ ആരോടും പറയാതിരുന്നത്.  ഞാൻ ഒറ്റക്കണ്ണിയല്ല അപ്പു. നീയും നിന്റെ അച്ഛനും യാത്ര ചെയ്തിരുന്ന സൈക്കിളിൽ ഒരു ബസ്  ഇടിച്ചു. അതിൽ നിന്റെ അച്ഛൻ മരിച്ചു.  നീ മരിച്ചില്ല പക്ഷെ നിനക്ക് ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു.  അങ്ങനെ എന്റെ കണ്ണ് നിനക്ക് ഞാൻ  ദാനം ചെയ്തു.  എന്റെ കണ്ണിലൂടെ നീ ലോകമെങ്ങും കണ്ടോട്ടെ എന്ന് വിചാരിച്ചു.  ഞാൻ മരിക്കില്ല നിന്റെ കൂടെ തന്നെ ഉണ്ടാകും. എന്ന്  നിന്റെ അമ്മ , ഒറ്റക്കണ്ണി. "

അവൻ പൊട്ടികരഞ്ഞു.  അവന്റെ അമ്മയുടെ മുഷിഞ്ഞ വസ്ത്രം കെട്ടിപിടിച്ച് അവൻ കരഞ്ഞു......

അപ്പോ അവൻ ചിന്തിച്ചു ....

ഇതുപോലൊരു സ്ത്രീക്ക് മകനായി ജനിച്ചത് ഭാഗ്യമാണ്

എന്ന് ........

-അഭിരാമി

# അഞ്ച് വിരലുകളുടെ കഥ



ഒരു ദിവസം അഞ്ച് വിരലുകൾ തമ്മിൽ വഴക്കുണ്ടായി. തള്ളവിരൽ പറഞ്ഞു "ഞാനാണ് എല്ലാവരേയും എഴുതാൻ സഹായിക്കുന്ന വിരൽ ". അപ്പോൾ ചൂണ്ടുവിരൽ പറഞ്ഞു "ഞാനാണ് എല്ലാവരേയും ചൂണ്ടിക്കാണിക്കുന്ന വിരൽ. അപ്പോൾ നടുവിരൽ പറഞ്ഞു. എന്റെ വിരലിനാണ് നീളം കൂടുതൽ, അപ്പോൾ ഞാനാണ് വലുത്. അപ്പോൾ മോതിര വിരൽ പറഞ്ഞു ഞാനാണ് രണ്ട് മനുഷ്യരേയും തമ്മിൽ യോജി പ്പിക്കുന്നത് അതുകൊണ്ട് ഞാനാണ് വലുത്. അപ്പോൾ ചെറുവിരൽ പറഞ്ഞു എല്ലാവരും ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് എന്നെയാണ്.അപ്പോൾ സ്നേഹമാണ് വലുത്. അപ്പോൾ കൈ പറഞ്ഞു നിങ്ങളാരുമില്ലെങ്കിൽ എനിക്ക് ഒരു കാര്യവും ചെയ്യാൻ പറ്റില്ല. നിങ്ങളെല്ലാവരും എനിക്ക് ഒരുപോലെയാണ്. നിങ്ങളെല്ലാവരും ഒത്തുപിടിച്ചാൽ നമുക്കെല്ലാ കാര്യവും സാധിക്കാം. അതേ പോലെയാണ് ഞാൻ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ.

BY
ദീപക്.കെ
9.B

## ***ഉയർത്തെഴുന്നേൽപ്പ്***

മഴയെവിടെ എന്നോർത്ത് കരഞ്ഞവരെല്ലാം നാശം പിടിച്ച മഴ എങ്ങനെയെങ്കിലും ഒന്നവസാനിച്ചാൽ മതി എന്ന് വിലപിക്കാൻ തുടങ്ങി. ഇതാണ് അനുഭവം , പെയ്തൊഴിയാതെ നിന്ന മഴയിൽ പല ജീവിതങ്ങളും ഒലിച്ചുപോയി. വലിപ്പചെറുപ്പമില്ലാതെ ജാതിഭേദമന്യേ കൈകോർത്ത് പിടിച്ച് ഒരോ മലയാളിയും പ്രളയത്തെ
നേരിട്ടു. ഒട്ടും പരിഗണന ലഭിക്കാതിരുന്ന മത്സ്യത്തൊഴിലാളികൾ പെട്ടെന്ന് ഒരുനാൾ " ഹീറോ ” കൾ ആയി.
പ്രളയത്തെ അതിജീവിക്കാൻ കേരളത്തിനകത്തും പുറത്തുമുള്ള മലയാളികളും മറ്റുള്ളവരും ഉണർന്നു പ്രവർത്തിച്ചു. ആളുകളുടെ കൂട്ടായ പ്രവർത്തനം പ്രളയബാധിതർക്ക് ആശ്വാസം പകർന്നു. ഭക്ഷണം, വസ്ത്രം, മറ്റ്
അവശ്യവസ്തുക്കൾ നൽകിയ എല്ലാവരെയും ഈ നിമിഷത്തിൽ നന്ദിയോടെ സ്മരിക്കുന്നു.



-സൂരജ്

# യാത്രാവിവരണം




11/12/2018 -ന് രാവിലെ ഞങ്ങൾ വീട്ടിൽ നിന്നും ടെമ്പോ ട്രാവലറിൽ ഏഴുമണിക്ക് പുറപ്പെട്ടു. വഴിയിൽ ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ച് വീണ്ടും വണ്ടിയിൽ കയറി. കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കയറി സെക്യൂരിറ്റി ചെക്കിങ്ങ് ഒക്കെ കഴിഞ്ഞ് ഇന്റിഗോ വിമാനത്തിൽ കയറി നാലുമണിക്കൂർ യാത്രയ്ക്കുശേഷം ഗുവാഹാത്തി വിമാനത്താവളത്തിൽ എത്തി. അവിടെ നിന്നും അടുത്ത് കണ്ട പ്ലാസാ ഹോട്ടലിൽ കയറി



ഭക്ഷണം കഴിച്ച് കഴിഞ്ഞപ്പോഴേക്കും യൂബർ ടാക്സിവന്നു.അതിൽ കയറി റെയിൽവേ സ്റ്റേഷനിൽ പോയി ഗോരക്പൂരിലേക്കുള്ള ട്രെയിൻ കയറി രാവിലെ അവിടെയെത്തി. അവിടെ ഞങ്ങളുടെ ഡ്രൈവർമാരായ അമനും പ്രദീപും കാത്തിരിക്കുന്നുണ്ടായിരുന്നു. അവിടെ നിന്നും ഞങ്ങൾക്കു താമസിക്കാനുള്ള ഗാലക്സി ഹോട്ടലിൽ കൊണ്ടുപോയി. അവിടെ പോയി ഫ്രഷ് ആയി നാഗാലാന്റിലെ പ്രശസ്തമായ ഹോൺബിൽ ഫെസ്റ്റിവൽ കാണാൻ പോയി. അവിടെ എന്റ്രൻസിന്റെ ഉള്ളിൽ നമ്മൾ കണ്ടതും കാണത്തതുമായ വിവിധ സാധനങ്ങൾ ഉണ്ടായിരുന്നു. അതുകഴിഞ്ഞ് നാഗാലാണ്ടായിരുന്ന വിവിധ ഗോത്രങ്ങളുടെ കുടിലുകളും ആയുധങ്ങളും ഭക്ഷണസാധനങ്ങളും

ഉണ്ടായിരുന്നു. അവിടെ ആൺകുട്ടികളും പെൺകുട്ടികളും ഒരു പ്രായംകഴിഞ്ഞാൽ വീട്ടുകാരിൽ നിന്നും അകന്ന് ഒറ്റയ്ക്ക് ജീവിക്കണം. ഗോത്രത്തിലെ എല്ലാ വിദ്യകളും പഠിച്ച് കല്യാണം കഴിയും വരെ ഉപവാസം തുടരണം.  ആൺക്കുട്ടികൾക്ക് പ്രായം ചെന്ന പുരുഷനാണ് പഠിപ്പിക്കുന്നത്. പെൺകുട്ടികൾക്ക് ഒരു മുതിർന്ന സ്ത്രീ വീട്ടുജോലികൾ പഠിപ്പിച്ച് കൊടുക്കും. വൈകീട്ട് നാലുമണിക്ക് വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ഞങ്ങൾ താമസിച്ച ഹോട്ടലിന്റെ മുതലാളി ഒരു മലയാളിയാണ്. പേര് ഷിബു. അയാളിൽ നിന്നും നാഗാലാണ്ടിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സാധിച്ചു. ഞങ്ങൾക്ക് അന്ന് ഒരു രാത്രിയാത്ര ഉണ്ടായിരുന്നു. പ്രദീപേട്ടൻ പറഞ്ഞു നാഗാലാന്റ്

രാത്രി അത്ര സെയ്ഫ് അല്ല കാരണം കൊള്ളക്കാരും തീവ്രവാദികളും ഉണ്ട്. അവിടെ നല്ല പ്രശ്നം ഉള്ള സ്ഥലം ആണ്. ഞങ്ങൾക്ക് പ്രശ്ന്കരമായ യാതൊരു അനുഭവവും ഇല്ല.




## ***CONVERSATION BETWEEN TWO LITTLE KITES***

VIJAY: How's the classes deepu?
DEEPU:OH!I didn't expect such great classes. It was simply good.
VIJAY: I didn't expect. See now I'm an expert in malayalam and English typing.
DEEPU:Really vijay. I can download videos and study materials. I used to wonders how Liyan did this . But now it is really a simple process.
VIJAY: teachers too are very loving and they patiently teach us. Don't they deepu ?
DEEPU: Yes,they take care of each.
VIJAY: Briyani given in the camp was too delicious.
DEEPU: Why didn't you wear your identity card Vijay?
VIJAY:Oh! It's with me. It's time. let's go.Teachers told that today it is something with raspberry kit.


DEEPU: WOW! let's go.

MAGIC FROM AMEEN ISLAHI'S FINGERS









## <u>കടംകഥകൾ</u>

**1)അകത്തുരോമം പുറത്തിറച്ചി**

**2)അകമില്ല പുറമില്ല ഞെട്ടില്ല  വട്ടയില**

**3)അടിയ്ക്കാത്ത മുറ്റത്തിൻ പേരു ചൊല്ലാമോ ?**

**4)പാൽക്കടലിൽ ഞാവൽപഴം**

**5)അടിയില്ലാത്ത ഭരണി**

**6)കാള കിടക്കും കയറോട്ടും**

**7)കാലകറ്റിയാൽ വായ് തുറക്കും**

**8)വായില്ലാത്തവൻ കഞ്ഞി കുടിച്ചു**

## *<u>ഉത്തരങ്ങൾ</u>*

**1)മൂക്ക്**

**2)പപ്പടം**

**3)ആകാശം**

**4)കണ്ണ്**

**5)കിണർ**

**6)മത്തൻ**

**7)കത്രിക**

**8)മുണ്ട്**

## എന്റെ അനുഭവം

ഞാൻ ജീവിതത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട നാളുകളിൽ ചിലതാണ് പാലക്കാട്ടെ പൂത്തൂർ ജി.യു.പി സ്കൂളിലെ ഐ.ഈ.ഡി ക്യാമ്പിലെ ദിവസങ്ങളാണ്. ജീവിതത്തിൽ സ്വപ്നം കാണാൻ കഴിയാത്ത ഒരുപാട് കുട്ടികളുണ്ട്. അവരുടെ കൂടെ കുറച്ച് ദിവസം , അവർക്കായി. 28/12/2018-ന് തുടങ്ങിയ ഈ പരിപാടി കുറച്ച്





കളികളായും പരിപാടികളായും ഒക്കെ ഞങ്ങൾ ചെയ്തു. നാടൻ കളികളായ ഞൊണ്ടികളി, കുറുക്കനും കോഴിയും, പോലെയുള്ള ഒരുപാട്ട കളികൾ കളിച്ചു. രാത്രി ക്യാമ്പ് ഫയറും, ഡാൻസും മൊത്തം അടിപൊളിയായിരുന്നു. രണ്ടാമത്തെ ദിവസം ഫുഡ് ഫെസ്റ്റ് പോലെയുള്ള പരിപാടികൾ. മൂന്നാമത്തെ ദിവസം ഫാന്റസി പാർക്കിലായിരുന്നു പരിപാടി. അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു.

**-വിജയ് കൃഷ്ണൻ - എ**

# ക്യാമേറിയൻ

ഒരുപാട് കാലത്തെ ആഗ്രഹമായിരുന്നു ക്യാമറ ഉപയോഗിക്കാൻ പഠിക്കണം എന്ന്. അതിന് അവസരമൊരുക്കിത്തന്നത് ലിറ്റിൽ കൈറ്റ്സിന്റെ രണ്ടു ദിവസത്തെ ക്യാമറ ട്രൈനിങ്ങ് ക്യാമ്പാണ്. അതിന്റെ ഭാഗമായി

ക്യാമറ ഉപയോഗിക്കാനും വീഡിയോ എടുക്കാനും അത് എഡിറ്റ് ചെയ്യാനും പഠിച്ചു. പാലക്കാട് ജി.എൽ.പി.എസ് സുൽത്താൻപേട്ട സ്കൂളിലാണ് ക്യാമ്പ് നടന്നത്. Canon 1500 D എന്ന ക്യാമറയാണ് ഞങ്ങൾ ഉപയോഗിച്ചത്. അതിന്റെ ഭാഗമായി ഒരു

ന്യൂസ് വീഡിയോയും ഞങ്ങൾ ചെയ്തു. ക്യാമ്പിന്റെ

അവസാനദിവസം പാലക്കാട് കോട്ടയുടെ ചിത്രങ്ങൾ എടുത്തു. എന്തുകൊണ്ടും വിജ്ഞാപ്രദമായ പരിപാടിയായിരുന്നു ഈ ക്യാമ്പ് .

**-വിജയ് കൃഷ്ണൻ - എ**



**ക്യാമറ ട്രൈനിങ്ങിന്റെ ഭാഗമായി ക്യാമറയിൽ പതിഞ്ഞ ചില ചിത്രങ്ങൾ**








# മഹദ് വചനങ്ങൾ




വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.

-എ.പി.ജെ.അബ്ദുൽകലാം



ഉദ്ദേശ്യവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണമാണ്

-ജോൺ കെന്നഡി




സമൂഹം ആദ്യം നിങ്ങളെ അവഗണിക്കും
പിന്നെ പരിഹസിക്കും
പിന്നെ പോരടിക്കും
ഒടുവിൽ നിങ്ങൾ ജയിക്കും

-മഹാത്മാഗാന്ധി

എന്റെ ജീവിതമാണ് എന്റെ സന്ദേശം

-മഹാത്മാഗാന്ധി



ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്.
മതമേതായാലും മനുഷ്യൻ നന്നായാൽ മതി

-ശ്രീനാരായണഗുരു

# കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

1. മുളയിലറിയാം വിള

2. നിലമറിഞ്ഞ് വിത്തിടണം

3. വിത്താഴം ചെന്നാൽ പത്തായം നിറയും

4. സമ്പത്തു കാലത്ത് തൈ പത്ത് വച്ചാൽ
ആപത്തു കാലത്ത് കാ പത്ത് തിന്നാം

5. വിത്ത് കുത്തി ഉണ്ണരുത്



# <u>മഴയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ</u>

1.മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും

2.പുണർതത്തിൽ പുഴത്തോണി വിലങ്ങില്ല


3.തുലാപത്ത് കഴിഞ്ഞാൽ പ്ലാപൊത്തിലിരിക്കാം

4.അത്തം കറുത്താൽ ഓണം വെളുക്കും

5.കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം



# **വൈക്കം മുഹമ്മദ് ബഷീർ**



**(1910-1994)**

1910-ൽ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ച ബഷീർ മലയാള ചെറുകഥയെയും നോവലിനെയും പുതിയ മാർഗ്ഗത്തിലൂടെ നയിച്ചു. സവിശേഷമായൊരു വ്യക്തിത്വവും കാഴ്ചപ്പാടും ശൈലിയും കഥകളെ പെട്ടെന്ന് ശ്രദ്ധേയമാക്കി. ഓജഃപ്രസരമുള്ള ചെറുനോവലുകളുടെയും കർത്താവാണ് വൈക്കം മുഹമ്മദ് ബഷീർ. താൻ ജീവിച്ച വളർന്ന ചുറ്റുപാടുകളുടെയും സമുദായത്തിന്റെയും വാസ്തവികതയെ അത്യന്തം സരസമായ രീതിയിൽ പ്രതിഫലിപ്പിക്കുവാൻ ബഷീറിനു കഴിഞ്ഞിട്ടുണ്ട്. അന്തർമുഖനായ ഒരു കഥാകൃത്ത് കൂടിയായിരുന്നു ബഷീർ.നിരവധി ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ലളിതാംബിക അന്തർജനം മെമ്മോറിയൽ അവാർഡ്, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡ്, ഡോക്ടർ ഓഫ് ലെറ്റേഴ്സ്, പത്മശ്രീ, ധാരാളം ഫെലോഷിപ്പുകളും ഡോക്ടറേറ്റും ലഭിച്ചു. പാത്തുമ്മയുടെ ആട്, ബാല്യകാലസഖി, ശബ്ദങ്ങൾ, മുച്ചീട്ടു കളിക്കാരന്റെ മകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, ആനവാരിയും പൊൻകുരിശും, മതിലുകൾ, പ്രേമലേഖനം, അനർഘനിമിഷം, ഓർമ്മയുടെ അറകൾ തുടങ്ങിയവ പ്രധാന കൃതികളാണ്. ഓരോ കൃതിയും വായനക്കാരെ ചിരിപ്പിക്കുക മാത്രമല്ല ചിന്തിപ്പിക്കുക കൂടി ചെയ്യുന്നു. 1994 ജൂലൈ 5 ന് ബഷീർ ഈ ലോകത്തോട് യാത്ര പറഞ്ഞു. എന്നാൽ ഇന്നും നമ്മുടെയെല്ലാം മനസ്സിൽ മായാതെ കിടക്കുന്ന ചില കഥകൾ ചിരിക്കാൻ മാത്രമല്ല നാം ആരാണെന്ന് ചിന്തിപ്പിക്കുകയും ചെയ്യുന്ന കഥകൾ ആണ്. ബഷീർ കഥകളിലൂടെ ഇന്നും നമ്മുടെ കൂടെ ജീവിക്കുന്നു. ഒരു കഥാകൃത്തിന്റെ ഏറ്റവും വലിയ അംഗീകാരമാണിത്. മരിച്ച് നൂറ്റാണ്ടുകൾ കഴിഞ്ഞാലും അവരെ കഥകളിലൂടെ നമ്മൾ ജീവിപ്പിക്കുന്നു.

BY

വിഷ്ണുവിശ്വനാഥ് .വി.എസ്.

## നിങ്ങൾക്കറിയാമോ ?

അപ്പക്കാരം - സോഡിയം ബൈ കാർബണേറ്റ്

പ്ലാസ്റ്റർ ഓഫ് പാരിസ് -കാൽസ്യം സൾഫേറ്റ്

കറിയുപ്പ് - സോഡിയം ക്ലോറൈഡ്

തുരിശ് - കോപ്പർ സൾഫേറ്റ്

കുമ്മായം - കാൽസ്യം ഹൈഡ്രോക്സൈഡ്

കളിമണ്ണ് - അലുമിനിയം സിലിക്കേറ്റ്

ചുണ്ണാമ്പ് കല്ല് - കാൽസ്യം കാർബണേറ്റ്

നീറ്റുകക്ക – കാൽസ്യം ഓക്സൈഡ്

അലക്കുകാരം - സോഡിയം കാർബണേറ്റ്

മാർബിൾ - കാൽസ്യം കാർബണേറ്റ്



# ***DAY'S TO REMEMBER***

I always find very difficult to remember important days. So I would like to inform you about some important days. That we should never forget.


| Date: | Day : |
|---|---|
| February 20 | World Day Of Social Justice |
| March 3 | World Wildlife Day |
| December 23 | National Farmers Day |
| December 7 | Indian Armed Forces Flag Day |
| December 5 | World Soil Day |
| October 2 | International Non-Violence Day |
| July 11 | World Population Day |
| June 12 | World Day Against Child Labour |
| May 17 | World Telecommunications Day |









# *NATURE*



***A wonderful gift of god.***

***Its beautiful,its amazing***

***in the mornings.***

***I hear the song of birds***

***and I see the happiness of plants***

***I can feel the gentle breeze***

***oh! its so beautiful and comforting***

***It's lovely and healthy morning***

***But now can't describe all these to our children,***

***Because we are destroying it..........***

***BY ADARSH***

# മഴ

ഉച്ചനേരത്തൊരു കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ കാർമുകിലേ



തല്ലിച്ചിതറുമോ
ചില്ലുകണക്കെയെൻ
മുന്നിലുൻ മാദിനിയായി
പൊഴിഞ്ഞു

പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും

കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിന്റെ കുളിരേറ്റു വാങ്ങുന്നുവോ
പുഴമേലേ ഓളങ്ങൾ അണയുന്നുവോ.

-അപർണ

# മഴയോട് മിണ്ടിയും പറഞ്ഞും

അവസാന ബെല്ലടിച്ചു
ഞാനോടിയൊരു കൊച്ചു മരത്തണലി
ലച്ഛനെ കാത്തിരുന്നീടവേ
ഇതാ വന്നു കൊടുങ്കാറ്റു
പോലൊരു മഴ!



ആർദ്രമായന്തരീക്ഷത്തിലൂടെ
ഞാനോടിയൊരു
പീടികത്തിണ്ണയി-
ലിരിക്കുമ്പോൾ,
അശാന്തമായിരുന്ന-
വളോട് ഞാൻ ചോദിച്ചു.

ഹേ മഴയേ......... അരിശപ്പെടുന്നതെന്തിനു നീ?
കോപിതയാകാതെ, ശാഠ്യം പിടിക്കാതെ
ശാന്തനാകു മഴയേ.....ശാന്തയാകു
പൈതങ്ങളെയോർത്ത്........നീയെന്നെയുമോർത്ത്
ശാന്തനാകു മഴയേ.......ശാന്തയാകു.

അഷ്ടമി .എസ് .ശിവൻ

## ***ROLE OF SCHOOL IN A CHILD'S LIFE***



Next to home, school is the most important place that gives shape to the life of a child . It is in school that a child learns the first lesson of social behaviour . It is where the foundation of knowledge is laid . It is in the school that a child has her/his first encounter with the outside world. School helps the child grow up in a healthy manner. The child develops physically, mentally and emotionally . If the first foundation is laid in a mothers knee, their future get strengthened in a school . A good school can bring about all round development in a child's life. It decides the future course that the child will take in her/his life. It is the real temple where the child meets the real gods in flesh and blood.

By

BRINDHAJA

# <u>ചിതറാളിലെ സൂര്യൻ</u>



ഒരു സകൂൾ അവധിക്കാലത്ത് കുട്ടുംബത്തോടൊപ്പം ഞാൻ ഒരു യാത്ര പോയി. തിരുവനന്തപുരം - തമിഴ്നാട് ബോഡറിലെ ചിതറാൾ എന്ന സ്ഥലത്തേക്കാണ് ഞങ്ങൾ പോയത്. പ്രകൃതി ഭംഗി ആസ്വദിക്കാൻ പറ്റിയ ഒരു സ്ഥലമായിരുന്നു അത്. ഞങ്ങൾ ഏകദേശം രാവിലെ അഞ്ചരയായപ്പോൾ അവിടെയെത്തി. പുകയെന്നപോലെ മഞ്ഞ് അവിടെ നിറഞ്ഞ് നിന്നിരുന്നു. അവിടെയൊരു മലയുണ്ടായിരുന്നു. അവിടെ മൊത്തം ശാന്തതയുണ്ടായിരുന്നു. അതുകൊണ്ട് കളിച്ച് ചിരിച്ച് ഒഴുകുന്ന പുഴയുടെ ശബ്ദവും ജീവികളുടെ ശബ്ദവും കേൾക്കാമായിരുന്നു. ഒന്നു മെല്ലെ എത്തിനോക്കുന്നതുപോലെ സൂര്യൻ ഉദിച്ചുതുടങ്ങി. വളരെ മനോഹരമായിരുന്നു ആ കാഴ്ച.

-അമൽ. എസ്

# ഡ്രീം ഗോവ




ഇത് ഞങ്ങളുടെ കഥയാണ്. ഞാൻ, ആദി, റിത്വി, സാം. ഇത് കുറെ വർഷങ്ങൾ മുമ്പത്തെ കഥ, സാധാരണ കഥയല്ല. ഞങ്ങൾ ഇടയ്ക്ക് അമ്മമ്മേടെ വീട്ടിൽ ഒത്തുകൂടും. നടക്കാൻ പോകും, മേമ തല്ലും, അടി വാങ്ങാൻ ഞങ്ങൾ ഒപ്പമുണ്ടാവും. ചക്കേടേം, മാങ്ങേടേം കാലമായാൽ അവ തന്നെ ശരണം. പച്ചമാങ്ങ ഉപ്പു കൂട്ടി തിന്നും.

ഹൊ ! അതൊക്കെ ഒരു കാലം. ഞാൻ സ്വയം പരിചയപ്പെടുത്തിയില്ല, എന്റെ പേര് ഹൃദ്യ. ഒരു മിഡിൽ ക്ലാസ് ഫാമിലിയിൽ ജനനം. അച്ഛനും അമ്മയും കോളേജിൽ പഠിപ്പിക്കുന്നു. രണ്ട് മാസം പെട്ടെന്ന് പോകും . മാങ്ങ തീറ്റയും സിനിമയും കളിയുമൊക്കയായി നല്ല രസമായിരിക്കും. ഞങ്ങൾ നാലുപേരും ഓജോ ബോർഡ് കളിച്ച് ആത്മാവിനോട് സംസാരിക്കാൻ ശ്രമിച്ചു. പക്ഷെ ശ്രമം പാഴായി. ആത്മാവ് പോയിട്ട് ഒരു ഉറുമ്പ് പോലും വന്നില്ല. പുഴയിൽ പോയി കുളിക്കും. അമ്മമ്മ മേലാമുറി അങ്ങാടിയിൽ പോവുമ്പോൾ കൂടെ പോവാൻ മത്സരിക്കും. ഞങ്ങൾ നാലുപേർ കൂടെ ഒരു തീരുമാനമെടുത്തു

വലുതായാൽ ഗോവയ്ക്കുക്കു പോകുമെന്ന്. ഞങ്ങൾ മാത്രം. ആദി ഒരു ഇന്റർനാഷണൽ പൈലറ്റായി. റിത്ത്വ ഒരു നർത്തകിയായി. ഞങ്ങളിപ്പോൾ ഞങ്ങളുടെ സ്വപ്നനഗരമായ ഗോവയിലാണ്.

"നിർത്ത് ഞാൻ പറയാ ഹ്രദ്വേ, ഞാൻ ആദി. ഇപ്പോൾ ഞങ്ങൾ നാലുപേരും ഗോവേലാണ്. ഒരു വാർണിങ്ങ് എന്ന പോലെ മമ്മി വിളിക്കാറുണ്ട്.ഹ്രദ്വ പറഞ്ഞതു ശരിയാ

അവളാ ഈ ട്രിപ്പ് പ്ലാൻ ചെയ്തത്. സാം ഒരു ഫ്യൂച്ചറോളജിസ്റ്റ് ആണ്. "എന്താ ആ സാധനം ? " റിത്ത്വേ , എന്നു വച്ചാൽ ഭാവിയിൽ ഇനിയുണ്ടാക്കാൻ പോവുന്ന സാധനങ്ങളെക്കുറിച്ച് പഠിക്കുക. "ഞാൻ തന്നെ എന്നെ

കുറിച്ച് പറയാം. ഞാൻ സാം. ആദി പറഞ്ഞല്ലൊ, എന്റെ കമ്പനി . യു. എസ്. എയിൽ ആണ്. അവിടെ പോയാ നാട്ടും വീട്ടും ഓർമ്മ വരും. "മതി, മതി നമുക്ക് നാട്ടിൽ പോകണ്ടെ. ദിവസം പത്തായി". "എടി റിത്ത്വേ , തിരക്ക് കുട്ടാതെ, വാ ഒരു സെൽഫി എടുക്കാം".

എങ്ങനെയുണ്ട് ഞങ്ങളുടെ കൂട്ട്കെട്ട്?


ഹിമ പി നജീബ്

9-ഇ

# <u>ടോട്ടോചാൻ</u>



ഞാൻ വായിച്ചതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകമാണ് ടോട്ടോചാൻ. തെത്സുകോ കുറോയാനഗി എന്ന ടോട്ടോചാൻ എഴുതിയ പുസ്തകമാണിത്. ഇതിൽ ടോട്ടോചാന്റെ കുട്ടിക്കാലത്തെ കുറുമ്പുകളും കൗതുകപൂർവം ചെയ്യുന്ന പലകാര്യങ്ങളും പറയുന്നു. ടോട്ടോചാൻ ആദ്യം ചേർന്ന സ്കൂളിൽ നിന്ന് പുറത്താക്കിയപ്പോൾ അവളുടെ അമ്മ കണ്ടുപിടിച്ച പുതിയ സ്കൂളിനെക്കുറിച്ചും അവിടുത്തെ ചിട്ടകളെക്കുറിച്ചും പിന്നെ കോബായാഷി മാസ്റ്ററെ പോലെ ഒരു മാഷിനെക്കുറിച്ചെല്ലാം വായിക്കുമ്പോൾ ഇങ്ങനെ ഒരു തീവണ്ടി സ്കൂൾ കേരളത്തിൽ ഉണ്ടായിരുന്നെങ്കിൽ അവിടെ പോയി ചേരാമായിരുന്നു എന്ന് നമുക്ക് ഓരോരുത്തർക്കും തോന്നിപ്പോകും. അതില്ലെങ്കിൽ ടോട്ടോചാനെ പോലെ ഒരു കൂട്ടുകാരിയെയോ, കോബായാഷി മാസ്റ്ററെ പോലൊരു മാഷിനെയോ കിട്ടിയാൽ കൊള്ളാമായിരുന്നു എന്ന് തോന്നും.



# മഹാനടി

മഹാനടി എന്ന സിനിമ 2018 -ൽ ഇറങ്ങിയ ഒരു ബ്ലോക്ക്ബസ്റ്റർ സിനിമയാണ്. ഇത് പറയുന്നത് സാവിത്രി ഗണേശ് എന്ന തെന്നിന്ത്യൻ നിത്യഹരിത നായികയുടെ




ജീവിതകഥയാണ്. മഹാനടി എന്ന സിനിമ സംവിധാനം ചെയ്തിരികുന്നത് നാഗ്

അശ്വിൻ ആണ്. ഇത് 2018 മേയ് 9-ന് ആണ് റിലീസ് ആയത് .

ഒരു ജീവചരിത്ര സിനിമ എന്നതിലുപരി

ഇത് ഒരു പ്രണയസിനിമയാണ് , കൂടാതെ ലഹരി ഉപയോഗത്തിനെതിരെ സന്ദേശം നൽകുന്ന സിനിമയാണ് . ഇതിൽ സാവിത്രിയായി വേഷം ചെയ്തിരിക്കുന്നത് കീർത്തീ സുരേഷ് ആണ്. കൂടാതെ ഇതിൽ

ജെമിനി ഗണേശനായി അഭിനയിച്ചത് ദുൽഖർ സൽമാൻ ആണ് , കൂടാതെ വിജയ് ദേവരകൊണ്ട, സമന്ത അക്കിനേനി എന്നവർ പ്രധാന വേഷങ്ങളിൽ വരുന്നുണ്ട്. ഈ സിനിമയുടെ ബോക്സ് ഓഫീസ് കലക്ഷൻ 750 മില്യൺ ആണ്.






# പ്രകൃതി

എനിക്കു തോന്നുന്നത് പ്രകൃതിയിലെ ഏറ്റവും സുന്ദരമായ ദൃശ്യമോ അനുഭവമോ ഒരു പുഴയരികിൽ നല്ല തണ്ണുപ്പുള്ള ഒരു പുലർച്ചെ പെയുന്ന



മഴയാണെന്നാണ്. വെള്ളത്തുള്ളി പുഴയിൽ തട്ടിത്തെറിക്കുമ്പോൾ ശരീരമാകെ തണുത്തുവിറയക്കുന്നപോലെ തോന്നും. മഴത്തുള്ളികൾ വീഴുമ്പോൾ അതേറ്റുവാങ്ങാനെന്ന പോലെ മീനുകൾ ചാടികളിക്കും. പുഴയരികിലെ ചെടികളിൽ നിന്നും മഴതോർന്നു കഴിയുമ്പോൾ വെള്ളത്തുള്ളികൾ പുഴയിലേക്ക് വീഴും. ആ പുഴ ഒരു കാടിനു നടുക്കായിരുന്നാലോ. പക്ഷികളുടെ കലപില ശബ്ദം, വീശിയടക്കുന്ന കാറ്റ് മഴത്തുള്ളികളിലും മരങ്ങളിലും മലകളിലും തട്ടിതടയുന്നു. അതിസുന്ദരമായ ഈ കാഴ്ച്ച ഒരു കൊച്ചു ഗുഹക്കകത്തിരുന്ന് എന്റെ കൂട്ടുകാരോടൊപ്പം കാണണമെന്നാണ് എന്റെ ആഗ്രഹം.




-നിരഞ്ജന .എൻ .രാജേഷ്

## ***SOME INTERESTING FACTS***

***96% of your body is made of just four elements: oxygen, carbon,hydrogen,and nitrogen.***

***Gravity is actually the weakest force in the universe.***

***An average man's body mass contains as much energy as a nuclear power plant can produce in 90 years.***

***The universe is the biggest thing we can imagine,but the secrets of how it formed may be locked inside the smallest things atoms and the tiny particles packed inside them.***

***During early pregnancy a baby's brain produces 250000 new brain cells every minute.***

***Human body is a fantastically complex machine contains 206 bones,65 muscles and 75 trillion parts called cells.***

***THOUGHTS OF GREAT PERSONALITIES***

***IF YOU DON'T LIKE THE ROAD YOU'RE WALKING START PAVING ANOTHER ONE***



***DOLLY PARTIN***



***THE MOST BEAUTIFUL THINGS IN THE WORLD CANNOT BE SEEN OR EVEN TOUCHED THEY MUST BE FELT WITH THE HEART***

***HELEN KELLER***

***LIFE IS A SERIOUS OF BABY STEPS***



***HODAKOTH***

***LOVE YOURSELF FIRST EVERYTHING ELSE FALLS INTO LINE***



***LUCILLE BALL***

***LEAD FROM THE HEART,NOT TO HEAD***



***PRINCESS DIANA***

# ***<u>ഇന്ത്യൻ ടൂറിസം</u>***

1.ഇന്ത്യൻ ടൂറിസത്തിന്റെ പരസ്യവാചകമെന്ത് ?

ഉ)ഇൻക്രെടിബൾ ഇന്ത്യ

2.കേന്ദ്ര ടൂറിസം മന്ത്രി ആര് ?

ഉ)മഹേഷ് ശർമ്മ

3.കേരള ടൂറിസത്തിന്റെ പരസ്യവാചകമെന്ത് ?

ഉ) ഗോഡ്സ് ഓൺ കൺട്രി

4.കേരളത്തിലെ ടൂറിസം മന്ത്രി ആര് ?

ഉ) കടകംപ്പിള്ളി സുരേന്ദ്രൻ

5.ഏത് പ്രശസ്തമായ നദിത്തീരത്താണ് താജ്മഹൽ സ്ഥിതിചെയ്യുന്നത് ?

ഉ)യമുന

6.ഇന്ത്യാ ഗേറ്റ് ഏത് നഗരത്തിലാണ് സ്ഥിതിചെയ്യുന്നത് ?

ഉ) ന്യൂ ഡെൽഹി

7.ആഗ്ര കോട്ട പണികഴിപ്പിച്ചതാര്?

ഉ) അക്ബർ ചക്രവർത്തി

8.ആഗ്ര നഗരത്തിന്റെ ശിൽപി ആര് ?

ഉ)സിക്കന്ദർ ലോധി


9.വാഗാ ബോർഡർ ഏത് സംസ്ഥാനത്താണ് ?

ഉ)പഞ്ചാബ്

10.ജാലിയൻ വാലാ ബാഗ് സ്മാരകം എവിടെയാണ് ?

***<u>ഉ) അമൃതസർ</u>***

# Space



My mind is like space
it carries nothing

Except you, but the
space carries nothing

But my mind is not like space
in small things

My mind carries big tear drops ,
that don't come out side

But, when I think about you
your face, your smile, your eyes

My mind is the space you're the earth
memories connect us like rockets

***-Vijay Krishnan.A***

***Savitri(1936-1981)***



**Nissankara Savitri alias Savitri ganeshan was a prominant Indian actress.Savitri was born in 4th January 1936 at Chirravoor,Gundur district,Madras presidency (present Andhra pradesh).She is known as Nadigayar Thilakam and Mahanati. She was the lady super star of 1950's to 60's. She started her career as a supporting artist in the Telgu movie "Pelli chesi choodu". She was born to Nissankara Gurruvayya and Nissankara Subhadrama . Her father was died when when she was a child. She was lived in her uncle Kommarady Venkataramiah's house. She was married to Ramasamy ganeshan alias Gemini Ganesan , a prominant actor in south India. Savitri is not only an actress but also a playback singer , dancer, director and producer . She two children have Vijayachamundeswari and Satheesh Kumar Ganeshan. She is intoduced to cinema industry by her uncle Kommarady Venkataramiah and Gemini Ganeshan . Her**




**only malayalam movie was 'Chuzhi' an unsuccessful**

**movie . Savitri was dead on 26th December 1981 at on the age 45, because of diabetics and high blood pressure due to overuse of alcohol. she was on coma for 19 months . Her notable film was Devadasu (1957), Mooga manasulu(1964) , Missiamma (1945) , Mayabazar(1957). She got Rashtrapati award , Nandi award , Kalaimamani pattam , Indian postal system issued a postage stamp of her name . In 2018 Nag Ashwin directed the biographical movie 'Mahanati' which chronicle's the life of Savitri . Starring Keerthi Suresh as Savitri and Dulquer Salman as Gemini ganesan .**

## *SONG OF THE RIVER*

I am a string of nature
flowing from mountain
I am a small drop of a big rain .
whom summer conceived

Monsoon gave me birth
I slept of in the bed of sea,
Unite with the rain ,
To give water for others
The plains are filled with my water;

Only forward I flow
This is my message to the world .
I am the first and the last
Gift to the living being.

**HIMA P NAJEEB**

# വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളിൽ ചിലത്

**മരമഞ്ഞൾ (Coscinium fenestratum)**






**പലകപ്പയ്യാനി (Orozylum indicum)**



**അശോകം (Saraca ashoka . linn)**

**കുറുന്തോട്ടി (Sida rhombifolia)**



# പി.എം.ജി. സ്കൂളിൽ എഫ്.എം. പാട്ടുപെട്ടി തുറന്നു




പി.എം.ജി. ഹൈസ്കൂളിൽ ആരംഭിച്ച എഫ്.എം. റേഡിയോയിൽ ജോക്കികളായ വിദ്യാർഥികൾ

**പാലക്കാട്** ▸ പാട്ടുപാടിയും കവിത ചൊല്ലിക്കൊടുത്തും വിദ്യാർഥികൾ റേഡിയോ ജോക്കികളായി. സുഹൃത്തുക്കളുടെ ശബ്ദം റേഡിയോയിലൂടെ കേട്ടപ്പോൾ കൂട്ടുകാർക്കും ആവേശം.

പാലക്കാട് പി.എം.ജി. ഹൈസ്കൂളിലാണ് വിവരങ്ങൾ പകർന്നുനൽകുന്നതിന് വിദ്യാർഥികളുടെ എഫ്.എം. റേഡിയോ ഒരുങ്ങിയത്. അക്കാദമികമികവും കുട്ടികളുടെ കലാപരമായ കഴിവും പ്രോത്സാഹിപ്പിക്കുന്നതിനായി ശിശുദിനാഘോഷത്തിലാണ് റേഡിയോ പ്രവർത്തനമാരംഭിച്ചത്.

പഠനത്തിൻെറ ഇടവേളകളിൽ കവിതകളും പാട്ടുകളും സ്കൂളിൽ മുഴങ്ങും.

വിജ്ഞാന പരിപാടികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വെള്ളിയാഴ്ചകളിൽ ഉച്ചയൂണിനുശേഷമുള്ള ഇടവേളയിലായിരിക്കും പ്രവർത്തനം. വിദ്യാർഥികളായ വിജയ്, അക്ഷര, കബനി, അനസ്, എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടി ആരംഭിച്ചത്. പ്രധാനാധ്യാപിക ലതിക സംസാരിച്ചു.

**FM RADIO STARTED ON P . M . G . H . S . S**

കാലം മാറുകയാണ്.....
പേനയിലും പെൻസിലിലും
അറിവിന്റെ ആദ്യാക്ഷരങ്ങൾ
കോറിയിട്ട പുസ്തകത്താളുകൾക്കൊപ്പം
നിറഞ്ഞാടിയ ബാല്യം

കീബോർഡിലും മൗസിലും വിരലോടിക്കുന്നു.....
പുതിയ ലോകത്തിന്റെ ഡിജിറ്റൽ
സാധ്യതകളിലേക്ക്
കൗതുകത്തോടെ മിഴിതുറക്കുന്നു....

ധിഷണയോട് സഹകരിച്ച
ഏവർക്കും നന്ദിയോടെ.........

